ഉദ്ദേശം. ക്യൂപ്പൺ സിസ്റ്റത്തിൽ പല ന്യൂനതകളും ഉണ്ട്. പല ആളുകളും വഴി തെറ്റി ബസ്സുകൾ കയറി അന്യസ്ഥലങ്ങളിലേക്ക് പോയിട്ടുള്ളതായി ഗവണ്മെൻറിനറിയാം. ക്യൂ സിസ്റ്റമായാൽ ഇങ്ങനെ ഒരു കുഴപ്പമുണ്ടാകുന്നതല്ല. ക്രമാതെ ആവശ്യമില്ലാത്ത ആളുകൾ കായബലംകൊണ്ട് ക്യൂപ്പൺ വാങ്ങി മറ്റുള്ളവർക്ക് കൊടുത്തുവരുന്നതായി പല പരാതികളുമുണ്ട്. അതുകൊണ്ട് സ്ഥലസൗകര്യമുണ്ടായാൽ ക്യൂ സിസ്റ്റം എല്ലാസ്ഥലത്തും ഏർപ്പെടുത്തണമെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നത്.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): ഗവണ്മെൻറിനുള്ള ഈ അറിവ് ഉദ്യോഗസ്ഥന്മാരിൽ നിന്നാണോ പൊതുജനങ്ങളിൽ നിന്നാണോ?

HON'BLE MR. T. M. VARGHESE: ഗവണ്മെൻറിനുള്ള അറിവിനെ അടിസ്ഥാനമാക്കിയാണ് പറയുന്നത്.

Price Of Rice and Paddy.

99. MR. P. S. MOHAMMED: Will the Honourable Minister for Food be pleased to state:

(a) the date and month of the increase of the price of rice and paddy;

(b) whether the Cabinet made any consultation with responsible members of the Representative Body;

(c) the reasons that prompted the Cabinet to decide the question of increase of prices in rice and paddy?

HON'BLE MR. A. THANU PILAI; (എ) ഫ്വ-ർ-ഫ്ൻർവ / ന്-ൻ-ഫ വ-ന

(ബി) ഇല്ല.

(സി) ഗവണ്മെൻറിനു വന്നുകൊണ്ടിരിക്കുന്ന വലിയ നഷ്ടത്തിന്റെ ഒരു ഭാഗമെങ്കിലും കുറയ്ക്കുന്നതിനു വേണ്ടിയിട്ടാണ്.

MR. KOCHIKAL P. BALAKRISHNAN TAMPI (*Mavelikara III-General*): Sir on a point of order, I wish to know whether any reference to the Cabinet as such is permissible, because in the eye of law and constitution there is no such thing as Cabinet.

MR. PRESIDENT: ക്യാബിനറ്റ് എന്നു പറഞ്ഞതു കൊണ്ടിൽ അതു മിനിസ്റ്റേഴ്സ് എന്നാണു.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ (*Trivandrum II-Muslim Reserved*) : ക്ഷീരവകുപ്പിലെ കഴിപ്പുങ്ങളെയും നഷ്ടത്തിന്റെ കാരണങ്ങളേയും പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഓഫീസർട്ട് ജഡ്ജിയെ നിയമിക്കുവാൻ ഗവണ്മെന്റിനു ഉദ്ദേശ്യമുണ്ടാകുമോ?

HON'BLE MR. A. THANU PILLAI : ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ് ഇത്. അതിനു നോട്ടീസു വേണം.

Introduction Of Prohibition in Travancore.

191. MR. KANNARA GOPALA PANICKER: Will the Honourable Minister for U. C. excise be pleased to state:

(*a*) whether the present Government have considered the question of the introduction of prohibition in Travancore or any part or parts thereof;

(*b*) if the answer to (a) is in the affirmative, the result thereof

HON'BLE MR. C. KESAVAN: മദ്യനിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര, വിളവംകോട്, കൽക്കുളം, അഗസ്തീശ്വരം, തോവാള, ചെങ്കോട്ട ഈ താലൂക്കുകളിൽ അടുത്ത വർഷാരംഭം മുതൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

MR. A. CHIDAMBARANATHA NADAR : *என் இந்த ஐந்து தாலூகாக்களில் மாத்திரம் கொண்டுவரப்பட்டது? ஏதாவது காரணமுண்டா?*

HON'BLE MR. C. KESAVAN: ഈ അഞ്ചു താലൂക്കുകളോടാണ് കൂടുതൽ സ്നേഹം കൊണ്ടു മാത്രമാണ്.

MR. KANNARA GOPALA PANICKER: ആറു താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുമ്പോൾ എത്ര നഷ്ടം ഗവണ്മെന്റിനുണ്ടാകുമെന്നു കണക്കാക്കിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN: കണക്കാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു സ്കീമൊന്നിച്ചു് കണക്കുകൂടി സമർപ്പിക്കുന്നതിനു് ഡിപ്പാർട്ടുമെന്റിനു അറിവു കൊടുത്തിട്ടുണ്ട്. അതിനു കാത്തിരിക്കുകയാണ്.

MR. KANNARA GOPALA PANICKER : തിരുവിതാംകൂർ മുഴുവൻ മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN. ഉണ്ട്. ക്രമാനുഗതമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതു്.

MR. A. CHIDAMBARANATHA NADAR : *ஜனநாயக அரசாட்சி 30 தாலூகாக்களிலுமிருக்கிறது. இந்த ஐந்துதாலூகாக்களில் மாத்திரம் மதுவிலக்குத் திட்டம் கொண்டுவரக்காரணமென்ன?*

LIBRARY ARCHIVES Kerala Legislative Assembly